പുതുശ്ശേരിക്കടവ്-ബാങ്ക് കുന്ന് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

34 [1444] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽപ്പെട്ട പുതുശ്ശേരിക്കടവ്-ബാങ്ക്കുന്ന് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തണമെന്ന ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ നിർദ്ദേശം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം 2004-2005-ലെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ റോഡിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഏകദേശം 85 ശതമാനത്തോളം പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി ടാറിംഗ് പണികൾ മഴ തീരുന്ന മുറയ്ക്ക് പൂർത്തിയാക്കുന്നതാണ്.

മേപ്പാടി-നിലമ്പൂർ റോഡിന് വകയിരുത്തിയിട്ടുള്ള തുക

35 [1445] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയും മലപ്പുറം ജില്ലയും തമ്മിൽ ബന്ധിപ്പിക്കുന്ന മേപ്പാടി-നിലമ്പൂർ റോഡ് പി. ഡബ്ല്യു. ഡി. ഏറ്റെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ റോഡിന്റെ ഏതെങ്കിലും ഭാഗം ടെൻഡർ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എന്തു തുകയാണ് പ്രസ്തുത റോഡിന് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മേപ്പാടി-നിലമ്പൂർ റോഡിന്റെ മേപ്പാടി മുതൽ ചുരൽമല വരെ 12.800 കിലോമീറ്റർ ഭാഗം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. കിലോമീറ്റർ 12/800 മുതൽ 16/800 വരെ ഭാഗം ഏറ്റെടുക്കാനുള്ള നിർദ്ദേശം കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കിലോമീറ്റർ 16/800 മുതൽ 17/800 വരെ ഭാഗം റിസർവ് വനത്തിൽപ്പെട്ടതാണ്.

(ബി) ഇല്ല.

(സി) 50,000 രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly